കണ്ണൂർ ജില്ലയിലെ ആദിവാസി കോളനികളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

127. [127] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കണ്ണവം കോളനിയിലെ ക്വിന്റർ ഗാർട്ടനിലെ കുട്ടികൾക്ക് പോഷകാഹാരങ്ങൾ അരി, പയർ, മുട്ട, പഴം എന്നിവ കൃത്യമായി ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പോഷകാഹാരങ്ങൾ നൽകിയ വകയിൽ 2003 ഡിസംബർ മുതൽ 2005 നവംബർ 30 വരെ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ എൽ. പി., യു. പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 300-ഓളം സ്കൂളുകൾ ലഭ്യമാണ്. കൂടാതെ 8 പ്രീമെട്രിക് ഹോസ്റ്റലുകൾ, ഒരു നഴ്സറി സ്കൂൾ, ഒരു എം. ആർ. എസ്. എന്നിവയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രവർത്തിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 57,372 രൂപ.

(ഡി) ക്വിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ഉടനെ അനുവദിച്ചു നൽകുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

128. [128] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകളുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001 മുതൽ 2006 വരെ ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോന്നിലും സംസ്ഥാനത്തിനർഹമായ മുഴുവൻ തുകയും ചെലവഴിക്കുവാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(സി) ടി കാലയളവിൽ സംസ്ഥാനഗവൺമെന്റ് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ പദ്ധതികൾ ഓരോന്നിന്റെയും കാര്യത്തിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിപ്പോയ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പാക്കിയ ട്രെയിനിംഗ് പദ്ധതികളുടെ നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് പ്രസ്തുത ട്രെയിനിംഗ് പരിപാടികൾ നിർത്തലാക്കുകയും ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഫണ്ട് ലഭ്യമാകുന്നതിനുള്ള കാലവിളംബമാണ് മുഖ്യകാരണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ക്ഷേമ പദ്ധതികൾ

129. [129] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും എന്തെല്ലാം വികസന പദ്ധതികളും ക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നിനും അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 2001 മേയ് മാസം മുതൽ പട്ടികവർഗ്ഗ വികസനവകുപ്പ്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന പീരുമേട് താലൂക്കിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly